ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.11.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ദ്വിരാഷ്ട്ര പര്യടനത്തിന്റെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു അംഗോളയിലെത്തി. അംഗോള പ്രെസിഡന്റുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും.

   **President Droupadi Murmu Arrives in Angola as part of two-nation visit. President Murmu to hold bilateral talks with the President of Angola today.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഡെറാഡൂണിൽ ഉത്തരാഖണ്ഡ് രൂപീകരണത്തിൻറെ രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കും.

   **Prime Minister Narendra Modi to attend the silver jubilee celebrations of Uttarakhand's formation in Dehradun today.**

3. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ടത്തിനായുള്ള പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. വോട്ടെടുപ്പ് ചൊവ്വാഴ്ച.

   **The campaigning for the second phase of the Bihar Assembly elections will end today. Voting will take place on Tuesday.**

4. കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ എല്ലാ മേഖലകളിൽ നിന്നും മികച്ച സഹകരണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ.

   **Chief Electoral Officer Dr. Rathan U. Kelkar says there is greater cooperation from all sectors in the activities related to the intensive voter list revision in Kerala.**

5. ഇന്ന് ദേശീയ ലീഗൽ സർവീസസ് ദിനം. നിയമ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ ദേശീയ ലീഗൽ സർവീസസ് അതോറിറ്റി നിർണ്ണായക പങ്ക് വഹിച്ചതായി കേന്ദ്ര മന്ത്രി അർജുൻ റാം മേഘ്വാൾ.

**Today is National Legal Services Day. Union Minister Arjun Ram Meghwal says that the National Legal Services Authority has played a crucial role in delivering legal services to the people.**

6. ദക്ഷിണാഫ്രിക്കയിൽ നടക്കാനിരിക്കുന്ന ജി 20 ഉച്ചകോടി യിൽ അമേരിക്ക പങ്കെടുക്കില്ലെന്ന് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

**President Donald Trump says the United States will not participate in the G20 summit to be held in South Africa.**

☸☸☸☸☸☸☸☸☸☸☸☸☸

## PRESIDENT VISIT

ദ്വിരാഷ്ട്ര പര്യടനത്തിന്റെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്നലെ അംഗോളയിലെത്തി. അംഗോള പ്രസിഡൻറ് ലോറെൻസോയുമായി രാഷ്ട്രപതി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. ചൊവ്വാഴ്ച അംഗോളയുടെ സ്വാതന്ത്ര്യത്തിൻറെ 50-ാാം വാർഷികാഘോഷത്തിൽ പങ്കെടുക്കുന്ന രാഷ്ട്രപതി അംഗോള പാർലമെൻറിനെ അഭിസംബോധന ചെയ്യും. ഇന്ത്യൻ സമൂഹവുമായും ശ്രീമതി മുർമു സംവദിക്കും. തുടർന്ന് രാഷ്ട്രപതി ബോട്സ്വാന സന്ദർശിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## PM-DEHRADUN

ഉത്തരാഖണ്ഡ് രൂപീകരണത്തിൻറെ രജതജൂബിലി ആഘോഷ പരിപാടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഡെറാഡൂണിലെത്തും. രജത ജൂബിലി സ്മരണാർത്ഥം പുറത്തിറക്കുന്ന തപാൽ സ്റ്റാമ്പ് അദ്ദേഹം പ്രകാശനം ചെയ്യും. 8,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## PM-BHUTAN ( INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഭൂട്ടാൻ സന്ദർശനത്തിന് ചൊവ്വാഴ്ച തുടക്കമാകും. രണ്ട് ദിവസത്തെ സന്ദർശനത്തിൽ പ്രധാനമന്ത്രി ഇന്ത്യയും ഭൂട്ടാനും സംയുക്തമായി തയ്യാറാക്കിയ പുനത്സാങ്ചു-II ജലവൈദ്യുത പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കും.

വിശദാംശങ്ങളിലേക്ക്.....

(വോയ്സ്)

# RIJIJU- PARLIAMENT SESSION

പാർലമെന്റിന്റെ ശൈത്യകാല സമ്മേളനം അടുത്ത മാസം ഒന്ന് മുതൽ പത്തൊൻപത് വരെ നടക്കും. രാഷ്ട്രപതി ദ്രൗപദി മുർമു ഇത് സംബന്ധിച്ച അംഗീകാരം നൽകിയതായി കേന്ദ്ര മന്ത്രി കിരൺ റിജിജു അറിയിച്ചു. ക്രിയാത്മകവും അർത്ഥവത്തുമായ ചർച്ചകൾക്ക് പാർലമെന്റ് വേദി യാകുമെന്ന് പ്രതീക്ഷിക്കുന്നതായി ശ്രീ. കിരൺ റിജിജു സമൂഹ മാധ്യമത്തിൽ കുറിച്ചു.

# VP-KARNATAKA VISIT

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് കർണാടക സന്ദർശിക്കും. ഹാസനിൽ ജൈന സന്യാസിയും ആത്മീയ നേതാവുമായ ആചാര്യ ശാന്തി സാഗർ മഹാരാജിന് ഉപരാഷ്ട്രപതി ആദരാഞ്ജലി അർപ്പിക്കും. മൈസൂരു വിലെ ജെ.എസ്.എസ് അക്കാദമി ഓഫ് ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ചിൻറെ പതിനാറാമത് ബിരുദദാന ചടങ്ങിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

# BIHAR - ELECTION

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ടത്തിനായുള്ള പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. എൻഡിഎയുടെയും മഹാഗഡ് ബന്ധ ന്റെയും മുതിർന്ന നേതാക്കൾ സംസ്ഥാനത്തുടനീളം അവസാന വട്ട പ്രചാര ണത്തിലാണ്. 20 ജില്ലകളിലെ 122 മണ്ഡലങ്ങളിൽ ചൊവ്വാഴ്ചയാണ് വോട്ടെ ടുപ്പ്. വോട്ടെണ്ണൽ നവംബർ 14 ന് നടക്കും.

## SIR -KERALA

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായുള്ള പ്രവർത്ത നങ്ങളിൽ എല്ലാ മേഖലകളിൽ നിന്നും മികച്ച സഹകരണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ. ഏകദേശം നാലു ലക്ഷത്തി 69 നായിരത്തിലേറെ പേർക്ക് ഇതുവരെ എന്യൂമെറേഷൻ ഫോം വിതരണം ചെയ്തു. ഓൺലൈനായി എന്യൂമെറേഷൻ ഫോം സമർപ്പിക്കാനുള്ള സംവിധാനവും പ്രവർത്തനസജ്ജമായിട്ടുണ്ട്. എസ്. ഐ. ആറിൻ്റെ പുരോഗതി രാഷ്ട്രീയ പാർട്ടികളെ അറിയിച്ചതായും സഹകരണം അഭ്യർത്ഥിച്ച തായും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

## K R NARAYANAN

മുൻ രാഷ്ട്രപതി കെ ആർ നാരായണന്റെ ഇരുപതാം ചരമവാർഷിക ദിനാ ചരണം ഇന്ന്. രാവിലെ 8.30 ന് നിയമസഭാ സമുച്ചയത്തിലെ കെ ആർ നാരായണന്റെ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ പുഷ്പാർച്ചന നടത്തും.

## SABARIMALA - POLICE

ഈ വർഷത്തെ ശബരിമല തീർത്ഥാടനത്തിന് വെർച്വൽ ക്യൂ ബുക്കിംഗ് നിർബന്ധമായി പാലിക്കണമെന്ന് കേരള പോലീസ്. തിരക്ക് ഒഴിവാക്കുന്ന തിനായി ബുക്കിംഗിൽ അനുവദിച്ചിട്ടുള്ള സമയ സ്ലോട്ട് കർശനമായി പാലിക്ക ണമെന്നും പോലീസ് അറിയിച്ചു. വെർച്വൽ ക്യൂ ബുക്കിംഗ് ഇല്ലാത്തവർക്ക് നീണ്ട കാത്തിരിപ്പ് സമയം ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്താണ് നിർദേശം.

## NAVY-SPCL DEMONSTRATION

ഈ വർഷത്തെ നാവികസേനാ ദിനാഘോഷ പരിപാടികൾ അടുത്ത മാസം നാലിന് തിരുവനന്തപുരത്ത് നടക്കും. നാവികസേനയുടെ മികവും, ശക്തിയും എടുത്ത് കാട്ടുന്ന പരിപാടികൾ അരങ്ങേറും. സേനയുടെ അത്യാധുനിക സംവിധാനങ്ങൾ, ഇന്ത്യൻ മഹാസമുദ്രത്തിലെ സേനയുടെ നിർണ്ണായക

സ്വാധീനം എന്നിവ വ്യക്തമാക്കുന്ന പരിപാടികൾ സംഘടിപ്പിക്കും. നാവിക സേനയുടെ യുദ്ധസജ്ജത, ഓപ്പറേഷൻ സിന്ദൂർ വേളയിൽ പ്രകടമാക്കിയ കൃത്യത, വേഗത, സ്വാധീനം എന്നിവ അടിവരയിടുന്നതാകും ആഘോഷങ്ങൾ.

## CIVIL AVIATION - ATC

ന്യൂ ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിലെ എയർ ട്രാഫിക് കണ്ട്രോൾ ടവർ സന്ദർശിച്ച കേന്ദ്ര മന്ത്രി രാംമോഹൻ നായിഡു സ്ഥിഗതികൾ വില യിരുത്തി. വിമാനത്താവളത്തിലെ ഓട്ടോമേറ്റഡ് മെസ്സേജിങ് സംവിധാനം തകാറിലായതിനെ തുടർന്ന് വ്യോമയാന ഗതാഗതത്തിലുണ്ടായ തകരാറു കൾ വേഗത്തിൽ പരിഹരിച്ചതിനെ അദ്ദേഹം പ്രശംസിച്ചു. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ മുൻകരുതലുകൾ എടുക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

## NATIONAL LEGAL SERVICE DAY(INTRO)

ഇന്ന് ദേശീയ ലീഗൽ സർവീസസ് ദിനം. 1995 നവംബർ 9 ആം തീയതി ലീഗൽ സർവീസസ് അതോറിറ്റിസ് നിയമം നിലവിൽ വന്നതിന്റെ സ്മരണാ ർത്ഥമാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. നിയമ സേവനങ്ങൾ പ്രാപ്ത മാക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകാതിരിക്കുന്നതിനായാണ് നിയമം നടപ്പിലാക്കിയത്. നിയമ സഹായ സേവനങ്ങൾ ശക്തമാക്കുന്നത് ലക്ഷ്യമിട്ട് സുപ്രീം കോടതിയിൽ നടക്കുന്ന രണ്ടു ദിവസത്തെ ദേശീയ സമ്മേളനം ഇന്നലെ പ്രധാന മന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. 30 വർഷത്തെ യാത്രയിൽ നിയമ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്ന തിൽ ദേശീയ ലീഗൽ സർവീസസ് അതോറിറ്റി നിർണ്ണായക പങ്ക് വഹിച്ച തായി ചടങ്ങിൽ പങ്കെടുത്ത കേന്ദ്ര മന്ത്രി അർജുൻ റാം മേഘ്വാൾ പറഞ്ഞു. (വോയിസ്)

## TRUMP SA G20

ദക്ഷിണാഫ്രിക്കയിൽ നടക്കാനിരിക്കുന്ന ജി 20 ഉച്ചകോടിയിൽ അമേരിക്ക പങ്കെടുക്കില്ലെന്ന് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ദക്ഷിണാഫ്രിക്കയിൽ മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നുവെന്ന് ആരോപിച്ചാണ് ട്രംപിന്റെ

പ്രഖ്യാപനം. അതേസമയം, വൈറ്റ് ഹൗസിന്റെ തീരുമാനം ഖേദകരമാണെന്ന് ദക്ഷിണാഫ്രിക്ക പ്രതികരിച്ചു. വെള്ളക്കാരായ സമൂഹത്തെ പ്രതിനിധീകരിക്കുന്നവ ഉൾപ്പെടെ ദക്ഷിണാഫ്രിക്കയിലെ ഒരു രാഷ്ട്രീയ പാർട്ടിയും മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നതായി ഉന്നയിച്ചിട്ടില്ലെന്ന് ദക്ഷിണാഫ്രിക്കൻ വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

## GOYAL-VISIT

ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള സന്തുലിതവും പരസ്പര പ്രയോജനകരവുമായ സമഗ്ര സാമ്പത്തിക സഹകരണ കരാർ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധത അറിയിച്ച് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. മെൽബണിൽ ഓസ്ട്രേലിയൻ മന്ത്രിമാരുമായി നടത്തിയ ഉഭയകക്ഷി ചർച്ചയിലാണ് ശ്രീ ഗോയൽ ഇക്കാര്യം വ്യക്തമാക്കിയത്.

## GST (FOOTWEAR)

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ വസ്ത്രങ്ങൾ, പാദരക്ഷകൾ എന്നിവയുൾപ്പെടെയുള്ള വ്യവസായങ്ങൾക്ക് ഗുണകരമായതായി കേന്ദ്രസർക്കാർ. തുകലിന് ചുമത്തിയിരുന്ന നികുതി 5 ശതമാനമായി കുറച്ചിട്ടുണ്ട്. ജോഡിക്ക് 2,500 രൂപ വരെ വിലയുള്ള പാദരക്ഷകളുടെ ജിഎസ്ടി 5 ശതമാനവുമാക്കി. നടപടി വ്യവസായികൾക്കും ഉപഭോക്താക്കൾക്കും ഏറെ പ്രയോജനം ചെയ്യുന്നതായാണ് വിലയിരുത്തൽ.

## KERALA RAIN

കേരളത്തിൽ ഇന്ന് മുതൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

## PALAKKAD ACCIDENT

പാലക്കാട് ചിറ്റൂർ റോഡിൽ കാറപകടത്തിൽ മൂന്ന് യുവാക്കൾ മരിച്ചു. കാട്ടുപന്നി കുറുകെ ചാടിയതിനെ തുടർന്ന് നിയന്ത്രണംവിട്ട കാർ മൈൽ ക്കുറ്റിയിലും മരത്തിലും ഇടിച്ചു മറിയുകയായിരുന്നു. കാറിലുണ്ടായിരുന്ന മൂന്ന് പേർക്ക് പരിക്കേറ്റു.

☸☸☸☸☸☸☸☸☸☸☸☸☸

## CROP INSURANCE

കാലാവസ്ഥ അടിസ്ഥാനമാക്കിയുള്ള വിള ഇൻഷുറൻസ് പദ്ധതിയിൽ പാലക്കാട് ജില്ലയിലെ നെൽകർഷകർക്ക് പേര് ചേർക്കാനുള്ള അവസാന തീയതി ഈ മാസം 15 വരെ നീട്ടാൻ കേന്ദ്ര കൃഷി മന്ത്രാലയം തീരുമാനിച്ചു. കർഷകരുടെ എൻറോൾമെന്റ് നിരക്ക് കുറവായതിനാലാണ് തീരുമാനം.

☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸

☸☸☸